# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3357 19.10.2016-ൽ മറുപടിക്ക്**

## താഴ്ന്ന തസ്തികയുടെ ചുമതല വഹിക്കുന്ന എ.പി.സി.സി.എഫ് മാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഡി.കെ. മുരളി** | | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | വനം വകുപ്പിൽ നിലവിൽ എത്ര എ.പി.സി.സി.എഫ്.മാർ സർക്കിൾ സി.സി.എഫ്. ന്റെ ചുമതല വഹിക്കുന്നുണ്ട്; ഇത്തരത്തിൽ താഴ്ന്ന തസ്തികയുടെ ചുമതല വഹിക്കുന്നത് ചട്ടപ്രകാരമാണോ; ഇതിന്റെ സാഹചര്യം വിശദമാക്കുമോ; | (എ) | വനം വകുപ്പിൽ നിലവിൽ 3 എ.പി.സി.സി.എഫ്.മാരാണ് സർക്കിൾ സി.സി.എഫ്. ന്റെ ചുമതല വഹിക്കുന്നത്. ഐ.എഫ്.എസ് (കേഡർ) റൂൾസ്, 1966 ചട്ടം 11(1) പ്രകാരം, ഏതെങ്കിലും രണ്ടു കേഡർ പോസ്റ്റുകളുടെയോ അല്ലെങ്കിൽ ഒരു കേഡർ പോസ്റ്റിന്റേയും, ഒരു തത്തുല്യമായ പോസ്റ്റിന്റേയും ചുമതല ഒരു കേഡർ ഉദ്യോഗസ്ഥന് ഒരേ സമയത്തു വഹിക്കാവുന്നതിന് വ്യവസ്ഥയുണ്ട്. ഇത്തരത്തിലുള്ള ചുമതല വഹിക്കാനുള്ള നിർദ്ദേശം അവധിയുമായി ബന്ധപ്പെട്ട സംവിധാനം/സജ്ജീകരണത്തിന്റേയോ അല്ലെങ്കിൽ താൽക്കാലികമായി മറ്റേതെങ്കിലും ആവശ്യങ്ങളുടെയോ ഭാഗമായിട്ട് സംസ്ഥാന സർക്കാരിന് ചെയ്യുവാൻ കഴിയും.<br>നിലവിൽ വനം വകുപ്പിൽ സി.സി.എഫ്. തലത്തിലുള്ള ഉദ്യോഗസ്ഥരുടെ അഭാവം മൂലവും ഭരണപരമായ സൗകര്യം/അത്യാവശ്യം കണക്കിലെടുത്തുമാണ് എ.പി.സി.സി.എഫ്.മാർക്ക് ചുമതല നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| ബി) | കേന്ദ്ര/സംസ്ഥാന ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്ന പി.സി.സി.എഫ്. മാർ, എ.പി.സി.സി.എഫ്. മാർ, സി.സി.എഫ്. മാർ എന്നിവരുടെ പേരും വിശദാംശങ്ങളും ലഭ്യമാക്കുമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| സി) | പി.സി.സി.എഫ്. മാരുടെ എത്ര കേഡർ തസ്തികകളും എക്സ് കേഡർ തസ്തികകളുമാണ് കേരളാ വനം വകുപ്പിൽ നിലവിലുള്ളത്; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് നല്കാമോ? | (സി) | വനം വകുപ്പിൽ നിലവിൽ ഐ.എഫ്.എസ്. കേരള കേഡറിൽ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ഒഴികെ പി.സി.സി.എഫ്-ന്റെ 2 കേഡർ തസ്തികകളും, 3 എക്സ് കേഡർ തസ്തികകളുമാണുള്ളത്. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**